# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.145 | 26/09/2016 ൽ മറുപടിക്ക് |
|---|---|

## മുൻ സർക്കാരിനെതിരെയുള്ള അഴിമതി ആരോപണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.സി.കെ.ശശീന്ദ്രൻ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) | മുൻ സർക്കാർ അധികാര ദുർവിനിയോഗം നടത്തി ബാർ കോഴ കേസ് അട്ടിമറിച്ചെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ആ സർക്കാറിനെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളിലെല്ലാം പുനരന്വേഷണത്തിന് നടപടിയെടുക്കുമോ; | (എ) | ബാർകോഴ കേസ് അട്ടിമറിച്ചെന്ന് ആരോപിച്ചു കൊണ്ട് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. 991/2016 ൽ ബഹുമാനപ്പെട്ട കോടതി 23/09/2016 തീയതിയിൽ ഒരു പ്രാഥമിക അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുള്ള തനുസരിച്ച് അന്വേഷണം നടത്തുന്നതാണ്. |
| (ബി) | സോളാർ കുംഭകോണം, കളമശ്ശേരി - കടകംപള്ളി-പാറ്റൂർ ഭൂമി തട്ടിപ്പ് കേസുകൾ, ടൈറ്റാനിയം അഴിമതി തുടങ്ങിയ കേസുകളിലെല്ലാം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പുനരന്വേഷണം നടത്തുമോ; | (ബി) | പാറ്റൂർ കേസിൽ ഒരു ത്വരിതാന്വേഷണ പരിശോധന (ക്യൂ.വി.08/2016/റ്റി.വി.എം.) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റിൽ നടത്തി വരികയാണ്. പ്രസ്തുത ത്വരിത പരിശോധന കംട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ എസ്.സി.03/2013/റ്റി.വി.എം. നമ്പർ പ്രകാരം 2013 വർഷത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് തുടർ നടപടികൾക്കായി അയച്ചത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.<br>ടൈറ്റാനിയം അഴിമതിയെ സംബന്ധിച്ച് വി.സി.01/2015/എസ്.ഐ.യു 1, വി.സി.06/2015/എസ്.ഐ.യു.1 എന്നീ നമ്പരുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -1 പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു.<br>സോളാർ കുംഭകോണം സംബന്ധിച്ചുള്ള അന്വേഷണം ആവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ നടപടികൾ നിലവിലുള്ളതിനാൽ വിജിലൻസ് നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമ സാധുത പരിശോധിച്ച് വരുന്നു.<br>കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയിട്ടുണ്ട്. |
| (സി) | അഴിമതി കേസുകളിൽ തെളിവ് നശിപ്പിക്കാൻ ഗൂഢാലോചന നടത്തിയ മുൻ മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതർക്കെതിരെ ക്രിമിനൽ കേസെടുക്കാൻ തയ്യാറാകുമോ? | (സി) | അഴിമതി കേസുകളിൽ തെളിവ് നശിപ്പിക്കാൻ ഗൂഢാലോചന നടത്തിയെന്ന് പരാതികൾ ലഭിച്ചാൽ വിജിലൻസ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ